## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5008 — 30-06-2014-ൽ മറുപടിക്ക്

### മാവേലിക്കര താലൂക്ക് എക്സൈസ് ഓഫീസിന് സ്വന്തമായി കെട്ടിടം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. ആർ. രാജേഷ്: | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) മാവേലിക്കര താലൂക്കിലെ എക്സൈസ് ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടമില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എക്സൈസ് ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) സ്വീകരിക്കും. മാവേലിക്കര എക്സൈസ് സർക്കിൾ ഓഫീസ്, റേഞ്ച് ഓഫീസ് എന്നിവ ഇപ്പോഴും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ, ടി ആഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് മാവേലിക്കര താലൂക്കിൽ തഴക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 5-ൽ റീസർവ്വേ 30/7-ൽപ്പെട്ട 11.25 ആർസ് റവന്യൂ പുറമ്പോക്ക് ഭൂമി എക്സൈസ് വകുപ്പിന് കൈമാറുന്നതിനുള്ള ഉത്തരവ് ലഭിക്കുന്നതിനായി, ലാന്റ് റവന്യൂ കമ്മീഷണർ 21-07-2012-ൽ സർക്കാരിൽ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. |
| (സി) ഇതിലേക്കായി വകുപ്പുതല നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; ഫയൽ നമ്പർ ലഭ്യമാക്കുമോ? | (സി) തിരുവനന്തപുരം ലാന്റ് റവന്യൂ കമ്മീഷണർ ആഫീസിലെ ഫയൽ നമ്പർ എൽ.ആർ.(കെ)2. 7798/12-ഉം, എക്സൈസ് കമ്മീഷണർ ആഫീസിലെ ഫയൽ നമ്പർ എക്സ്.എം.7-12426/10-ഉം, ആലപ്പുഴ എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ ആഫീസിലെ ഫയൽ നമ്പർ എ5-3649/09-ഉം ആണ്. |

സെക്ഷൻ ആഫീസർ